2023
ഫെബ്രുവരി
വാല്യം 16 | ലക്കം 2
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN





കെ.ആർ.എൽ.സി.സി. 40-ാം ജനറൽ അസംബ്ലി കേരള ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു




കെ.ആർ.എൽ.സി.സി. അവാർഡ് ജേതാക്കൾ



കെ.ആർ.എൽ.സി.ബി.സി. അംഗങ്ങൾ
ഇൻസ്ബ്രൂക് ബിഷപ് ഹെർമൻ ഗെറ്റ്ലറോടൊപ്പം

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2023 FEBRUARY** Registered Newspaper, Reg.No. KERMAL/2008/24745 **Vol.16 • No.2**



THE ROMAN CATHOLIC DIOCESE OF VIJAYAPURAM ★ AD CHRISTI NOMEN - 1930 ★

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ

7 പരി. ഫ്രാൻസിസ് പാപ്പായുടെ രോഗീദിനസന്ദേശം

12. തിരുബാലസഖ്യദിനം (കെ.സി.ബി.സി. സർക്കുലർ)

16. ഉണ്ണീശോയുടെ കുഞ്ഞുമിഷനറിമാർ

19 അൾത്താരബാലസംഘം

21. കെ.ആർ.എൽ.സി.സി. 40-ാമത് ജനറൽ അസംബ്ളി

27. വിമലാംബികയുടെ തിരുമുറ്റത്ത്

29 ഇടവകവാർത്തകൾ

31. വി.എസ്.എസ്,എസ്. വാർത്തകൾ

34. അഭിവന്ദ്യ പിതാവിന്റെ ഫെബ്രുവരിമാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



*vijayapuradhuthu@gmail.com*

## Editorial

# ഫെബ്രുവരി: സമർപ്പണത്തിന്റെയും സൗഖ്യത്തിന്റെയും സ്നേഹത്തിന്റെയും മാസം

**മാ**സങ്ങളിൽ ഏറ്റം ചെറുതാണ് ഫെബ്രുവരി. മറ്റു മാസങ്ങൾക്ക് 30 ഉം 31 ഉം ദിവസങ്ങളുള്ളപ്പോൾ ഫെബ്രുവരിക്ക് 28 ദിവസങ്ങളും ലീപ്പ് ഇയ റാണെങ്കിൽ 29 ദിവസങ്ങളുമേയുള്ളൂ. എങ്കിലും ഈ മാസത്തിന് പല പ്രാധാന്യങ്ങൾ ഉണ്ട്. ഫെബ്രുവരി 2-ന് നമ്മുടെ കർത്താവിന്റെ സമർപ്പ ണത്തിരുനാൾ നാം കൊണ്ടാടും. ഫെബ്രുവരി 11 ന് ലൂർദ് മാതാവിന്റെ തിരുനാളാണ്. ഫെബ്രുവരി 14-ന് വാലന്റൈൻസ്ഡേയും. അങ്ങനെ സമർപ്പണത്തിന്റെയും സൗഖ്യത്തിന്റെയും സ്നേഹത്തിന്റെയും മാസ മാണ് ഫെബ്രുവരി.

**1. ഫെബ്രുവരി 2 : കർത്താവിന്റെ സമർപ്പണത്തിരുനാൾ**

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളായ ക്രിസ്തുമസിന്റെ 40-ാം നാളാണ് ഫെബ്രുവരി 2. അന്നാണ് യഹൂദനിയമപ്രകാരം യൗസേപ്പി താവും മാതാവും ചേർന്ന് യേശുവിനെ ദൈവാലയത്തിൽ സമർപ്പിക്കാൻ കൊണ്ടുപോയതും കർത്താവിനെ പ്രതീക്ഷയോടും പ്രാർത്ഥന യോടുംകൂടി കാത്തിരുന്ന ശിമയാനും അന്നായും പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവാലയത്തിൽ വന്ന് യേശുവിനെ കൈയിലെടുത്ത് സാഫല്യമടഞ്ഞതും, വിജാതീയരുടെ പ്രകാശമായും യഹൂദരുടെ മഹ ത്വമായും അവിടുത്തെ പ്രഘോഷിച്ചതും. യൗസേപ്പിതാവിനോടും മാതാ വിനോടും ചേർന്ന് നമുക്ക് ദൈവിക നിയമങ്ങൾ വിശ്വസ്തയോടെ അനു ഷ്ഠിക്കാം. യേശുവിൽ നമുക്കു നമ്മെതന്നെ ദൈവത്തിനു സമർപ്പിക്കാം. ശിമയോനോടും അന്നയോടും ചേർന്ന് യേശുവിനെ കണ്ടുമുട്ടി ജീവിത സാഫല്യമടയാം. സർവ്വജനത്തോടും ചേർന്ന് യേശുവിന്റെ പ്രകാശം ഏറ്റു വാങ്ങി ദൈവജനത്തോട് ചേർന്ന് നമുക്ക് യേശുവിനാൽ മഹത്വീകരിക്ക പ്പെടാം.

**ഫെബ്രുവരി 11 : ലൂർദ് മാതാവിന്റെ തിരുനാൾ**

ലോകത്തിൽ ഏറ്റവും കൂടുതൽ സൗഖ്യാനുഭവങ്ങൾ നടക്കുന്ന തീർത്ഥാടനകേന്ദ്രമാണ് തെക്കെ ഫ്രാൻസിലുള്ള ലൂർദ്. അനേകായിര ങ്ങളാണ് അവിടെ തീർത്ഥാടകരായി ഒരുമിച്ചു കൂടുന്നതും ദിവ്യജലത്തിൽ മുങ്ങിയും ജപമാല പ്രദക്ഷിണത്തിലും ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും പങ്കുചേർന്നും, അനുരജ്ഞന കൂദാശ സ്വീകരിച്ചും ദിവ്യബലിയിൽ പങ്കു ചേർന്നുമെല്ലാം സൗഖ്യവും ശാന്തിയും പ്രാപിക്കുന്നത്. 1858 ഫെബ്രുവരി

11 മുതൽ ജൂലൈ 16 വരെ കാലയളവിൽ 18 പ്രാവശ്യമാണ് അമലോത്ഭവ മാതാവ് ബർണദീത്ത സുബേറു എന്ന 14 കാരിക്ക് പ്രത്യക്ഷദർശനമരുളിയത്. അതേത്തുടർന്ന് മാതാവിന്റെ പ്രത്യേക സാന്നിദ്ധ്യവും പ്രവർത്തനവും അവിടെ പ്രകടമാണ്. നമുക്ക് ലൂർദിലേക്കുള്ള തീർത്ഥാടകരോട് ആത്മീയമായെങ്കിലും ഒന്നുചേരാം. ലൂർദ് മാതാവിന്റെ ദൈവാലയങ്ങൾ സന്ദർശിച്ചും ഗ്രോട്ടോകളിൽ പ്രാർത്ഥിച്ചും തിരുനാൾ കൊണ്ടാടിയും സൗഖ്യത്തിന്റെയും കൃപയുടെയും അനുഭവത്തിലേക്ക് കടന്നുവരാം.

**ഫെബ്രുവരി 14 : സെന്റ് വാലന്റൈൻസ് ഡേ**

ഒരു ക്രൈസ്തവ തിരുനാളായാണ് ആരംഭിച്ചതെങ്കിലും ഇന്ന് ലോകം മുഴുവൻ ജാതിമതഭേദമെന്യെ ആഘോഷിക്കുന്ന സ്നേഹത്തിന്റെ തിരുനാളാണ് സെന്റ് വാലന്റൈൻസ് ഡേ. പ്രണയത്തിന്റെയും പ്രേമത്തിന്റെയും പേരിലാണ് ഈ ദിനം അറിയപ്പെടുന്നതെങ്കിലും പരിശുദ്ധ സ്നേഹത്തിന്റെ സന്ദേശമാണ് ഈ ദിനം നൽകുക. തന്റെ ജീവനെക്കാളുപരി മനുഷ്യരുടെ പരസ്പര സ്നേഹത്തിന് പ്രാധാന്യം കൊടുത്ത ആളാണ് വിശുദ്ധ വാലന്റൈൻ. റോമൻ സാമ്രാജ്യത്തിന്റെ നിയമത്തിന് വിരുദ്ധമാണെന്നറിഞ്ഞിട്ടും ഒരു സൈനികന്റെ തീവ്രമായ സ്നേഹം തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ വിവാഹം ആശീർവ്വദിച്ചതിന് ജീവത്യാഗം ചെയ്യേണ്ടിവന്ന ആളാണ് വിശുദ്ധ വാലന്റൈൻ. അദ്ദേഹത്തിന്റെ തിരുനാൾ കാലാന്തരത്തിൽ സ്നേഹത്തിന്റെയും പ്രേമത്തിന്റയും തിരുനാളായി പരിണമിച്ചു. ഇന്നുമിക്ക രാജ്യങ്ങളിലും ഫെബ്രുവരി 14 വാലന്റൈൻസ് ഡേയായി കൊണ്ടാടുന്നു. സ്നേഹിതർ തമ്മിൽ സമ്മാനങ്ങളും പൂക്കളും മിഠായിയും കൈമാറിയും കാർഡുകളയച്ചുമെല്ലാം സ്നേഹം പ്രകടമാക്കാൻ ശ്രദ്ധിക്കുന്നു. ആ ദിനത്തിൽ മാത്രമല്ല ഓരോ ദിവസവും പരസ്പരം സ്നേഹം വെളിപ്പെടുത്താനും പ്രകടമാക്കാനും ശ്രദ്ധിക്കേണ്ടതാണ്. വിശേഷിച്ച് ദമ്പതികളും മാതാപിതാക്കളും സഹോദരങ്ങളും സ്നേഹിതരും തമ്മിൽ. സ്നേഹം പരസ്പരം ജീവനേകുന്നതാണ്, വളർത്തുന്നതാണ്, നന്മചെയ്യുന്നതാണ്, സന്തോഷം പകരുന്നതാണ്. എന്നാൽ ഇന്ന് സ്നേഹം ഒത്തിരി അധഃപതിച്ചിരിക്കുന്നു. ദൈവികം എന്നതിനേക്കാൾ വിനാശകരമായി തീർന്നിരിക്കുന്നു. അത് ജീവനേകുന്നതിനേക്കാൾ ജീവനെടുക്കുന്നതായി മാറിയിരിക്കുന്നു. പടുത്തുയർത്തുന്നതിനേക്കാൾ നശിപ്പിക്കുന്നു. ജീവിക്കാൻ പ്രചോദിപ്പിക്കുന്നതിനുപകരം ആത്മഹത്യചെയ്യാൻ കാരണമായിത്തീരുന്നു. സന്തോഷം പകരുന്നതെന്നതിനേക്കാൾ കണ്ണീർക്കടലിലാഴ്ത്തുന്നു. ഇന്ന് ശരിക്കും സ്നേഹിക്കുന്നവർ സ്നേഹം പകരാൻ, പ്രകടമാക്കാൻ ശ്രദ്ധിക്കുന്നില്ല. ശരിക്കും സ്നേഹിക്കാത്തവരോ ആവോളം സ്നേഹം-വ്യാജസ്നേഹം പ്രകടമാക്കിക്കൊണ്ടേയിരിക്കുന്നു. ഇവിടെ ഇരകളായി തീരുന്നത് പ്രധാനമായും നമ്മുടെ യുവജനങ്ങളും കുട്ടികളുമാണ്. അവർ വെറും ആകർഷണത്തെ, വെറും ഇഷ്ടപ്പെടലിനെ, വെറും പൊങ്ങച്ചവാക്കുകളെ യഥാർത്ഥ സ്നേഹമായി തെറ്റിദ്ധരിച്ച് സ്നേഹത്തിൽ വീണു പോകുന്നു. സ്നേഹത്തിൽ വീണുപോകേണ്ടവരല്ല സ്നേഹത്തിലൂടെ എഴുന്നേല്ക്കേണ്ടവരാണ് നാം. എനിക്കെ

ന്തുകിട്ടും എന്ന മനോഭവത്തോടെ ബന്ധപ്പെടാൻ പോകുന്നിടത്താണ് സ്നേഹത്തിൽ വീണുപോകുന്നത്. എനിക്കെന്തുകൊടുക്കാം എന്ന ശ്രദ്ധയോടെ പരസ്പരം അംഗീകരിച്ചും ആദരിച്ചും പ്രോത്സാഹിപ്പിച്ചും ആശ്വസിപ്പിച്ചും കരുതിയും കൂട്ടുകൂടിയും മുന്നേറാൻ തയ്യാറാകുമ്പോഴാണ് യഥാർത്ഥ സ്നേഹം അനുഭവിക്കാനും അനുഭവവേദ്യമാക്കാനും സാധിക്കുക.

സ്നേഹമാണ് എല്ലാത്തിനും അടിസ്ഥാനവും, കേന്ദ്രവും, എല്ലാത്തിനും പരിഹാരവും, പൂർണ്ണതയും. അതിനാലാണ് ദൈവം സ്നേഹമാണെന്ന് ബൈബിൾ പറയുക. ദൈവത്തെ ആധാരവും കേന്ദ്രവുമായി കണ്ട് സ്നേഹിക്കാനും സ്നേഹം പ്രകടമാക്കാനും ശ്രദ്ധിക്കുമ്പോൾ അത് അനുഗ്രഹമായി ഭവിക്കുന്നു. മറിച്ച് ദൈവത്തെ മറന്നും മറുത്തും മാറ്റിവച്ചും സ്നേഹിക്കാൻ ശ്രമിക്കുമ്പോഴോ അത് വിനയായി ഭവിക്കുന്നു.

നമ്മുടെ സ്നേഹവും സ്നേഹ പ്രകടനങ്ങളും ദൈവികമാകട്ടെ. ജീവനേകുന്ന സ്നേഹം രക്ഷ പകരുന്ന സ്നേഹം. വളർത്തുകയും സംരക്ഷിക്കുകയും പരിപാലിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന സ്നേഹം.

ഹാപ്പി വാലന്റൈൻസ് ഡേ.

*പത്രാധിപർ*

---




## ജന്മദിനാശംസകൾ

02 ഫാ. ഡൊമിനിക് സാവിയോ
06 ഫാ. ജോർജ്ജ് മനോജ് ലോബോ
09 ഫാ. ജോൺവിയാനി മറ്റുപിള്ളിയിൽ
09 ഫാ. സേവ്യർ തൈപ്പാടത്ത് ഒ.എസ്.ജെ.
10 ഫാ. മാത്യു മഠത്തിൽ
12 ഫാ. പോൾ ഡെന്നി രാമച്ചംകുടി
17 ഫാ. തെയോഫിൻ വെനാർഡ് തുരുത്തിക്കോണം
18 ഫാ. റ്റോമി ചിറയ്ക്കൽ പുരയിടത്തിൽ എം.എസ്.എഫ്.എസ്.
21 ഫാ. വർഗീസ് കണിയാന്തറ
27 ഫാ. ആന്റണി മണപ്പുറത്ത്
27 ഫാ. ചാക്കോ പുത്തൻപുരയ്ക്കൽ
27 ഫാ. ജോർജ് മുടക്കംപുറം എസ്.വി.ഡി.

**ഫെബ്രുവരി**

# 31-ാമത് ലോക രോഗീദിനത്തിൽ

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

**ഫെബ്രുവരി 11, 2023**

**"ഇവനെ പരിചരിക്കുക"**

***സിനഡാത്മക പ്രക്രിയയായ സുഖപ്പെടുത്തുന്ന അനുകമ്പ***

---

**പ്രിയ സഹോദരീ സഹോദരന്മാരേ,**

നാം മനുഷ്യരായിരിക്കുന്നതിന്റെ ഭാഗമാണ് രോഗാവസ്ഥ. എന്നാൽ, പരിചരണവും അനുകമ്പയും കൂടാതെ ഏകാന്തതയിലും തിരസ്ക്കരണത്തിലുമാണ് നാം രോഗാവസ്ഥയിൽ ആയിരിക്കുന്നതെങ്കിൽ അത് മാനുഷികമല്ലാതായി മാറും.

നാം മറ്റുള്ളവരുമൊത്ത് ഒരു യാത്രയ്ക്കുപോകുമ്പോൾ ചിലപ്പോൾ നമുക്കു സുഖമില്ലായ്മ അനുഭവപ്പെടുന്നത് സാധാരണമാണ്; ചിലപ്പോൾ വഴിയിൽവച്ച് ക്ഷീണംകൊണ്ടോ മറ്റ് അനിഷ്ടസംഭവങ്ങൾകൊണ്ടോ നമുക്കു യാത്ര അവസാനിപ്പിക്കേണ്ടിവരും. അപ്രകാരമുള്ള വേളകളിലാണ് നമ്മുടെ സഞ്ചാരം എത്രമാത്രം ഒരുമിച്ചുള്ളതാണെന്നു നാം മനസ്സിലാക്കുന്നത്: അതായത്, നാം യഥാർത്ഥത്തിൽ സഹയാത്രികരാണോ അതോ നമ്മുടെതന്നെ താത്പര്യങ്ങൾ അന്വേഷിക്കുന്ന, മറ്റുള്ളവരെ അവരവരുടെ കാര്യങ്ങൾ നോക്കാനായി ഉപേക്ഷിക്കുന്ന, കേവലം ഒരേ പാതയിൽ സഞ്ചരിക്കുന്ന വ്യക്തികൾ മാത്രമാണോ എന്നത് വ്യക്തമാകുന്നത് അപ്പോഴായിരിക്കും. അക്കാരണത്താൽ, ഈ മുപ്പത്തൊന്നാമത് ലോക രോഗീദിനത്തിൽ, സഭ മുഴുവനും സിനഡാത്മക പാതയിലൂടെ സഞ്ചരിക്കുന്ന ഈ വേളയിൽ, വ്രണിതാവസ്ഥയിലും രോഗാവസ്ഥയിലുമായിരിക്കുന്ന അനുഭവത്തിലൂടെ കടന്നുപോകുമ്പോഴാണ് നാം ദൈവത്തിന്റെ ശൈലി അനുസരിച്ച് ഒരുമിച്ച് നടക്കുന്നതെന്നതിനെകുറിച്ച് ധ്യാനിക്കാൻ എല്ലാവരെയും ഞാൻ ക്ഷണിക്കുന്നത്; ദൈവത്തിന്റെ ശൈലി സാമീപ്യവും അനുകമ്പയും ആർദ്രതയും ആണല്ലോ!

ദൈവീക വെളിപാടിന്റെ ഉത്തംഗഭാവത്തെ പ്രകാശിപ്പിക്കുന്ന വചനങ്ങൾ എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിലുള്ളത് ശ്രദ്ധേയമാണ്: "ദൈവമായ കർത്താവ് അരുൾചെയ്യുന്നു: 'ഞാൻതന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമസ്ഥലം നല്കും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴിതെറ്റിപ്പോയതിനെ ഞാൻ തിരികെക്കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും; ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും... നീതിപൂർവം ഞാൻ അവയെ പോറ്റും' " (എസെ 34,15-16). സംഭ്രമവും രോഗവും ബലഹീനതയുമൊക്കെ മാനുഷികപ്രയാ

ണത്തിന്റെ ഭാഗമാണ്. അവ നമ്മെ ദൈവജനത്തിന്റെ പക്കൽനിന്നു അകറ്റുന്നതിനുപകരം നമ്മെ കർത്താവിന്റെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്നു; എന്തെന്നാൽ, അവിടന്ന് നമ്മുടെ പിതാവാണ്; തന്റെ മക്കളിൽ ഒരാൾപോലും വഴിയിൽവച്ച് നഷ്ടപ്പെടാൻ അവിടന്ന് ഇഷ്ടപ്പെടുന്നില്ല. ആകയാൽ നമുക്ക് അവിടന്നിൽനിന്നു പഠിക്കാം; അതായത്, ആവശ്യമില്ലെന്നവിധം വലിച്ചെറിയുന്ന സംസ്‌ക്കാരത്തെ ചെറുത്തുനില്ക്കുന്ന, യഥാർഥമായും ഒരുമിച്ചു നടക്കുന്ന, ഒരു സമൂഹമായി എങ്ങനെ മാറാമെന്ന് നമുക്ക് ശ്രദ്ധിക്കാം.

"എല്ലാവരും സഹോദരർ" (*Fratelli Tutti)* എന്ന ചാക്രികലേഖനത്തിൽ നല്ല സമരിയാക്കാരന്റെ ഉപമ പുനർവായന നടത്തുന്നതിനെ ഞാൻ പ്രോത്സാഹിപ്പിച്ചു. അടഞ്ഞിരിക്കുന്ന ഒരു ലോകത്തിലെ "കാർമേഘങ്ങളിൽ നിന്ന്" എങ്ങനെ നമുക്കു "തുറവുള്ള ഒരു ലോകത്തെ വിഭാവനം ചെയ്യാനും സാക്ഷാത്കരിക്കാനും" ആകും എന്നു നിർദേശിക്കാനാണ് ഞാൻ അപ്രകാരം ചെയ്തത് (ഖ. 56 കാണുക). യേശുവിന്റെ ഈ ഉപമയും ഇന്നത്തെ ലോകത്തിൽ സാഹോദര്യം നിഷേധിക്കപ്പെടുന്ന നിരവധി അവസരങ്ങളും തമ്മിൽ ഗാഢമായ ബന്ധമാണുള്ളത്. മർദിതനും മോഷ്ടിക്കപ്പെട്ടവനും ആയ ആ മനുഷ്യൻ എപ്രകാരം വഴിയരുകിൽ ഉപേക്ഷിക്കപ്പെട്ടുവോ അപ്രകാരമാണ് അത്യാവശ്യ സമയത്ത് ഉപേക്ഷിക്കപ്പെടുന്ന നമ്മുടെ ധാരാളം സഹോദരീസഹോദരന്മാർ. പ്രകൃതിയിൽനിന്ന് ആവിർഭവിക്കുന്ന സാധാരണയുള്ള കാരണങ്ങളാൽ മനുഷ്യജീവനും മഹത്ത്വത്തിനും വന്നുഭവിക്കുന്ന പ്രഹരങ്ങളിൽ നിന്ന് അനീതിയാലും അക്രമത്താലും വരുത്തിവയ്ക്കപ്പെടുന്നവയെ വേർതിരിച്ചറിയുക എന്നത് ഇന്നു പ്രയാസമായി മാറിയിരിക്കുന്നു. യഥാർഥത്തിൽ വർധമാനമാകുന്ന അസമത്വവും കുറച്ചുപേരുടെമാത്രം താത്പര്യങ്ങൾ സംരക്ഷിക്കുന്നവിധമുള്ള ക്രമീകരണങ്ങളും എല്ലാ മാനുഷിക പരിതോവസ്ഥകളെയും ബാധിക്കുന്നുണ്ട്; അക്കാരണത്താൽ, എല്ലാ അനുഭവങ്ങളെയും "പ്രകൃതി കാരണ"മാണെന്നു മാത്രം പറയാൻ സാധിക്കാത്ത വിധമായിരിക്കുന്നു. എല്ലാ സഹനവും ഒരു "സംസ്കാരത്തിന്റെ" പശ്ചാത്തലത്തിലും അതിന്റെ വ്യത്യസ്തങ്ങളായ വൈരുദ്ധ്യത്തിലുമാണ് സംഭവിക്കുന്നത്. ഇവിടെ ഏകാന്തതയുടെയും തിരസ്ക്കരണത്തിന്റെയും അവസ്ഥ പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ടതാണ്. അനീതിയുടെ മറ്റേതൊരുതരം രൂപത്തിൽനിന്നും വ്യത്യസ്തമാംവിധം ഈ ക്രൂരത എളുപ്പം പരിഹരിക്കപ്പെടാവുന്ന ഒന്നാണ്. കാരണം, പ്രസ്തുത ഉപമ നമ്മെ പഠിപ്പിക്കുന്നതുപോലെ, അത് നമ്മുടെ ശ്രദ്ധയുടെ ഏതാനും നിമിഷങ്ങൾ മാത്രമാണ് ആവശ്യപ്പെടുന്നത്; ഈ ക്രൂരതയെ ഒഴിവാക്കാനായി നാം നമ്മുടെ ഉള്ളിൽ അനുകമ്പയാൽ ചലിപ്പിക്കപ്പെട്ടാൽ മാത്രം മതി. ഭക്തരും മതാനുയായികളുമായ രണ്ട് വഴിയാത്രികർ മുറിവേറ്റ മനുഷ്യനെ കണ്ടു; എങ്കിലും അവർ നിന്നില്ല. എന്നാൽ മൂന്നാമത്തെ വഴിയാത്രികൻ – സമരിയാക്കാരനായവൻ, പരി

ഹാസ്യനായ പരദേശി – അനുകമ്പയാൽ ചലിപ്പിക്കപ്പെട്ട് വഴിയിലെ അപരിചിതനെ പരിചരിക്കുന്നു; അവനെ അയാൾ സഹോദരനായി കണക്കാക്കുന്നു. അപ്രകാരം ചെയ്യുകവഴിയായി, അയാൾ അപ്രകാരം ചിന്തിച്ചില്ലെങ്കിൽപ്പോലും, അയാൾ ഒരു വ്യത്യസ്തത സൃഷ്ടിക്കുന്നു; അതായത്, അയാൾ ലോകത്തെ കൂടുതൽ സാഹോദര്യം നിറയ്ക്കുന്നവനായി മാറുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗത്തിനായി നാം പലപ്പോഴും തയ്യാറെടുത്തിരിക്കുന്നവരല്ല. നമ്മൾ പ്രായമായിക്കൊണ്ടിരിക്കുന്നു എന്നതുപോലും പലപ്പോഴും നാം അംഗീകരിക്കാൻ വിസമ്മതിക്കുന്നു. നമ്മുടെ വ്രണിതാവസ്ഥ നമ്മെ ഭയപ്പെടുത്തുന്നു; ഇന്നു നിലനില്ക്കുന്ന കാര്യക്ഷമതയുടെ സംസ്കാരം അതിനെ മറച്ചുപിടിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; അത് മാനുഷീക ബലഹീനതയ്ക്കു ഇടം നല്കുന്നില്ല. ഈ രീതിയിൽ തിന്മ നമ്മുടെ മുമ്പിൽ അവതരിക്കുകയും നമ്മെ മുറിപ്പെടുത്തുകയും ചെയ്യുന്നു; അപ്പോൾ നാം ഞെട്ടിപ്പോകുന്നു. മാത്രമല്ല, ആ വേളകളിൽ മറ്റുള്ളവർ നമ്മെ ഉപേക്ഷിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ, നമ്മുടെതന്നെ ദൗർബല്യത്തിന്റെ നിമിഷങ്ങളിൽ നാം മറ്റുള്ളവർക്ക് ഒരു ഭാരമാകരുത് എന്ന ചിന്തയാൽ നാംതന്നെയും മറ്റുള്ളവരെ ഉപേക്ഷിക്കാൻ താത്പര്യപ്പെടുന്നു.

ഇങ്ങനെയാണ് ഏകാന്തത നമ്മിൽ കടന്നുകൂടുന്നത്; ദൈവംതന്നെയും നമ്മെ ഉപേക്ഷിച്ചു എന്നവിധം അനീതിയുടെ കയ്പുരസമുള്ള ചിന്തയാൽ നാം വിഷലിപ്തരായിത്തീരുന്നു. യഥാർഥത്തിൽ, മറ്റുള്ളവരോടും നമ്മോടുതന്നെയുമുള്ള നമ്മുടെ ബന്ധം മുറിഞ്ഞതായിത്തീർന്നാൽ നമുക്കു തുടർന്നു കർത്താവുമായി സമാധാനത്തിലായിരിക്കാൻ ബുദ്ധിമുട്ടുള്ളതായി ഭവിക്കും. ആകയാൽ, രോഗാവസ്ഥയുടെ മധ്യേ സഭ മുഴുവനും സുവിശേഷത്തിലെ നല്ല സമരിയാക്കാരന്റെ ഉദാഹരണത്തോളം ഉയരേണ്ടിയിരിക്കുന്നു. അങ്ങനെ സഭ യഥാർഥത്തിൽ ഒരു "യുദ്ധക്കളത്തിലെ ആശുപത്രി" ആയിത്തീരും; എന്തെന്നാൽ, അവളുടെ ദൗത്യം പ്രകാശിതമാകുന്നത് കരുതലിന്റെ പ്രവൃത്തികൾവഴിയാണ്; ഏറെപ്രത്യേകിച്ച്, നമ്മുടെ ഈ കാലഘട്ടത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ. നമ്മൾ എല്ലാവരും ദുർബലരും മുറിപ്പെട്ടവരും ആണ്; അല്പനേരം നില്ക്കാനും സമീപിക്കാനും സുഖപ്പെടുത്താനും ഉയർത്തിയെടുക്കാനും കഴിവുള്ള ഒരുതരം കനിവ് നമുക്ക് ആവശ്യമാണ്. അങ്ങനെ രോഗത്തിന്റെ ദുരവസ്ഥയിൽ ആയിരിക്കുന്നവർ നമ്മുടെ നിസ്സംഗത നീക്കാനും സഹോദരീസഹോദരന്മാർ ഇല്ലെന്നുള്ള അവരുടെ അവസ്ഥയെ ഇല്ലാതാക്കാനുമായി നമ്മെ ക്ഷണിക്കുന്നു.

സഹനത്തിലായിരിക്കുന്നവരോട് സമീപസ്ഥരായിരിക്കാനും അവർക്കു

വേണ്ടി പ്രാർത്ഥിക്കാനും ലോകരോഗീദിനം നമ്മെ ആഹ്വാനം ചെയ്യുന്നു. നവമായി ഒത്തൊരുമിച്ച് മുന്നോട്ട് ഗമിക്കുന്നതിന്റെ ആവശ്യകതയെ ദൈവ ജനത്തെയും ആരോഗ്യപരിപാലനസ്ഥാപനങ്ങളെയും പൊതുസമൂഹ ത്തെയും ഈ ദിനം ബോധ്യപ്പെടുത്തുന്നു. മറ്റുള്ളവരുടെമേൽ സാമ്പത്തി കവും സാംസ്കാരികവും രാഷ്ട്രീയപരവും ആയ മേൽകൈ പുലർത്തു ന്നവരെ നിശിതമായി വിധിക്കുന്നതാണ് മുമ്പ് ഉദ്ധരിക്കപ്പെട്ട എസെക്കി യേൽ പ്രവാചകന്റെ ഇതര വചനങ്ങൾ: "നിങ്ങൾ മേദസ്സ് ഭക്ഷിക്കുകയും രോമം കൊണ്ടുള്ള വസ്ത്രം ധരിക്കുകയും കൊഴുത്തതിനെ കൊല്ലുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ആടുകളെ പോറ്റുന്നില്ല. ദുർബലമായതിനു നിങ്ങൾ ശക്തികൊടുത്തില്ല; മുറിവേറ്റതിനെ വച്ചുകെട്ടിയില്ല; വഴിതെറ്റി യതിനെ തിരികെകൊണ്ടുവരുകയോ കാണാതായതിനെ തേടുകയോ ചെയ്തില്ല. മറിച്ച്, കഠിനമായും ക്രൂരമായും നിങ്ങൾ അവയോട് പെരു മാറി" (34, 3-4). നമ്മെ പ്രകാശിപ്പിക്കുന്നതും കാലോചിതവുമാണ് ദൈവ വചനം; അത് അപലപിക്കുന്ന കാര്യങ്ങളിൽ മാത്രമല്ല, പ്രത്യുത അത് നിർദേശിക്കുന്നതിലും അപ്രകാരംതന്നെ. മുഖാമുഖമുള്ള കണ്ടുമുട്ടലിൽ ആരംഭിച്ച നല്ല സമരിയാക്കാരന്റെ ഉപമ ഉപസംഹരിക്കുമ്പോൾ എപ്ര കാരം സാഹോദര്യത്തിന്റെ അഭ്യസനം പൊതുവായി ക്രമവൽക്കരിക്ക പ്പെട്ട പ്രക്രിയയാക്കി മാറ്റാം എന്നതിന്റെ സൂചനയും നല്കപ്പെടുന്നു. സത്രം, സത്രം സൂക്ഷിപ്പുകാരൻ, പണം, തുടർന്നു സംഭവിക്കാൻ പോകു ന്നത് അറിയിക്കപ്പെടാനുള്ള നിർദേശം എന്നീ ഘടകങ്ങൾ (ലൂക്കാ 10, 34 -35 കാണുക) മറ്റു പലതിലേക്കും വിരൽചൂണ്ടുന്നു; അതായത്, ആരോ ഗ്യപരിപാലനപ്രവർത്തകരുടെയും സാമൂഹ്യസേവകരുടെയും കുടുംബാം ഗങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും പ്രതിജ്ഞാബദ്ധത എന്നിവ യിലേക്ക്. ഇവർ വഴിയാണല്ലോ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എല്ലാ ദിവസവും തിന്മയ്ക്കെതിരായി നന്മയുടെ മുഖം ഉയർന്നു നില്ക്കുന്നത്!

ആരോഗ്യപരിപാലനത്തിന്റെയും അതിന്റെ ഗവേഷണത്തിന്റെയും രംഗത്ത് പ്രവർത്തിക്കുന്നവരോടുള്ള നമ്മുടെ കടപ്പാട് മഹാമാരിയുടേ തായ ഇക്കഴിഞ്ഞ വർഷങ്ങളിൽ ഏറെ വർധിച്ചിട്ടുണ്ട്. എന്നാൽ, ഈ ഭീമമായ സാമൂഹ്യദുരന്തത്തിൽനിന്നു പുറത്തുവരുമ്പോൾ കേവലം ധീ രയോധാക്കളെ ആദരിച്ചതുകൊണ്ടുമാത്രം നമ്മുടെ ഉത്തരവാദിത്വം തീരു ന്നില്ല. കോവിഡ്-19 വൈദഗ്ദ്ധ്യത്തിന്റെയും ഐകമത്യത്തിന്റെയും ശൃം ഖലകളെ ഏറെ ആയാസപ്പെടുത്തുകയുണ്ടായി; നിലവിലുള്ള പൊതു ക്ഷേമ സംവിധാനങ്ങളുടെ അപര്യാപ്തത അത് വെളിച്ചത്തുകൊണ്ടുവ രുകയുണ്ടായി. ആകയാൽ, കൃതജ്ഞത പ്രകാശിപ്പിക്കുന്നതോടൊപ്പം ഒരോ വ്യക്തിയുടെയും മൗലിക അവകാശമായ അടിസ്ഥാനപരവും അനു യോജ്യവുമായ ആരോഗ്യപരിപാലനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആ വിഷ്ക്കരിക്കുന്നതിനും അതിനുള്ള ധനാഗമ മാർഗങ്ങൾ കണ്ടെത്തുന്ന

തിനുമുള്ള ആസൂത്രണം ഓരോ രാജ്യവും അടിയന്തിരമായി ചെയ്യേണ്ട താണ്.

"ഇയാളെ പരിചരിക്കണം" (ലൂക്കാ 10, 35) എന്നാണ് ആ സമരിയാക്കാരൻ സത്രം സൂക്ഷിപ്പുകാരോട് പറഞ്ഞത്. യേശു അക്കാര്യത്തിനായി നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു. യേശു നമ്മോടു പറയുന്നു: "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10,37). ഞാൻ "എല്ലാവരും സഹോദരർ" (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ, "വീണവരെ ഉയർത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന അയല്ക്കാരെപ്പോലെ പ്രവർത്തിക്കുന്നവരായ സ്ത്രീപുരുഷന്മാരാൽ ഒരു സമൂഹം എങ്ങനെ പുനർനിർമിക്കാനാകും എന്ന് ഈ ഉപമ കാണിച്ചുതരുന്നു" (ഖ. 67). മാത്രമല്ല, "സ്നേഹത്തിൽ മാത്രം കണ്ടെത്താവുന്ന ഒരു പൂർത്തീകരണത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സഹനത്തോട് നിസ്സംഗത പുലർത്താൻ നമുക്കു സാധിക്കില്ല" (ഖ. 68).

ആധുനിക കാലഘട്ടത്തിലെ ഒരു പ്രവാചക സന്ദേശമായി സഭയ്ക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ലൂർദിലെ പുണ്യസങ്കേതത്തിലേക്ക് നമ്മുടെ ചിന്തകളെ തിരിച്ചുവയ്ക്കാം. യഥാർത്ഥത്തിൽ, നന്നായി പ്രവർത്തിക്കുകയും നല്ല ഫലോത്പാദനം നടത്തുകയും ചെയ്യുകയെന്നത് മാത്രമല്ല കാര്യമാത്ര പ്രസക്തമായിട്ടുള്ളത്. രോഗികളായവർ ദൈവജനത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളവരാണ്; സഭ അവരോടൊപ്പമാണ് മുന്നേറുന്നത്. കാരണം, അത് മാനുഷികതയുടെ ഒരടയാളമാണ്; ഈ മാനുഷീകഭാവത്തിൽ ഓരോരുത്തരും വിലപ്പെട്ടവരാണ്; ആരും പുറംതള്ളപ്പെട്ടവരോ, പിന്നാക്കം നിറുത്തപ്പെട്ടവരോ ആകാൻ പാടില്ല.

രോഗികളുടെ ആശ്രയമായ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ രോഗികളായ എല്ലാവരെയും സമർപ്പിക്കുന്നു. അവരെ മാത്രമല്ല രോഗികളെ തങ്ങളുടെ ഭവനങ്ങളിൽ പരിചരിക്കുന്നവരെയും ജോലിയും ഗവേഷണവും സന്നദ്ധസേവനവും വഴിയായി പ്രവർത്തിക്കുന്നവരെയും വ്യക്തിപരവും സഭാപരവുമായ പൊതുസാമൂഹ്യപ്രവർത്തനം വഴിയായി സാഹോദര്യത്തിന്റെ കണ്ണികളെ കോർത്തിണക്കുന്നവരെയും അവളുടെ മാധ്യസ്ഥ്യത്തിനായി സമർപ്പിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും ഞാൻ എന്റെ ഹൃദയപൂർവമായ ആശീർവാദം നല്കുന്നു.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയത്തിൽനിന്നു 2023
ജനുവരി 10-ാം തിയതി നല്കപ്പെട്ടത്
**ഫ്രാൻസിസ് പാപ്പാ**

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*
*കൊച്ചി – 682 025*

# 2023 ഫെബ്രുവരി 12
# തിരുബാലസഖ്യദിനം

**കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

ആഗോള കത്തോലിക്കാ സഭ എല്ലാവർഷവും തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 12-ാം തീയതിയാണ്. കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാല സഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാന മായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാ ക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക. ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. കുടുംബത്തിൽ എപ്പോഴും താത്വികമായ വിശ്വാസപ്രബോധനമല്ല നടക്കുന്നത്. മറിച്ച് അവിടെ പങ്കുചേരുന്ന, ജീവിക്കുന്ന വിശ്വാസമാണുള്ളത്. മാതാ

പിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തി ക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനു പേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെകുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' മാതാപിതാക്കളെ ക്ഷണി ക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാൻ ആണ്(14).

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടി. വി യുടെയും സ്മാർട്ട് ഫോണിന്റെയും ഇവയൊക്കെയും സാങ്കേതിക തലത്തിൽ ഇവരുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥ ലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതും മൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യ മളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞു മക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെ തന്നെയും. കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർ ത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗി ക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാ തിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭി പ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാ ക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യ മാണ്. ഇതിനു സഹായിക്കുവാൻ വൈദികരും,സന്യസരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാല സഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽ പോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേ ണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

*ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,*

**ബിഷപ്പ് മാർ തോമസ് തറയിൽ**

*ചെയർമാൻ, കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ*

---

## പരേതരെ സ്മരിക്കാം – ഫെബ്രുവരി

| | | |
|---|---|---|
| 03 | (2002) | ഫാ. ജോർജ് കളത്തറ |
| 08 | (1947) | ഫാ. സെഫ്രിനൂസ് ഒ.സി.ഡി. |
| 10 | (1976) | ഫാ. ഡിഡാക്കൂസ് ഒ.സി.ഡി. |
| 12 | (1947) | ഫാ. റാഫേൽ മന്ത്ര |
| 17 | (1939) | ബ്ര. ലിയോ ഒ.സി.ഡി. |
| 23 | (1983) | ഫാ. അൽഫോൻസ് മരിയ ഒ.സി.ഡി. |
| 24 | (2010) | ഫാ. ആന്റണി കൊറെയ |
| 27 | (1943) | ധന്യൻ ഫാ. ജോൺ വിൻസെന്റ് ഒ.സി.ഡി. |

# ഉണ്ണീശോയുടെ കുഞ്ഞുമിഷനറിമാർ
## (തിരുബാലസഖ്യം)

**സി.മേരി. ബെറ്റ്സി ഡി.ഐ.എച്ച്.**

**കു**ട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിൽ പാപ്പായുടെ കൊച്ച് സഹകാരികളായി സഭയുടെ മിഷൻ ദൗത്യത്തിൽ പങ്ക്പറ്റുന്ന കുഞ്ഞുമിഷനറിമാരുടെ സംഘടനയാണ് തിരുബാലസഖ്യം. കുട്ടികളെ ദൈവത്തിലേക്ക് അടുപ്പിക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വലുതാണ്. 1843-ൽ ഫ്രാൻസിൽ നാൻസി രൂപതയുടെ മെത്രാനായിരുന്ന ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. എല്ലാവർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ച തിരുബാലസഖ്യദിനമായി തിരുസഭ ആചരിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച കൈക്കുഞ്ഞുങ്ങൾ മുതൽ ആദ്യകുർബ്ബാന സ്വീകരണം വരെയുള്ള കുഞ്ഞുങ്ങൾക്കു വരെ സഭയുടെ മിഷൻ ദൗത്യം കുഞ്ഞുപ്രായത്തിലെ ഏറ്റെടുക്കുന്ന കുഞ്ഞുമിഷനറിമാരുടെ ഈ സംഘടനയിൽ അംഗങ്ങളാകാം. യൗസേപ്പിതാവിനും മാതാവിനും കീഴ്പ്പെട്ട് നസ്രത്തിൽ ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നുവന്ന ഈശോയെപ്പോലെ ജീവിക്കുവാൻ കുഞ്ഞുങ്ങളെ സഹായിക്കുക, അവരെ ഈശോയുടെ സ്നേഹിതരാക്കുക എന്നീ ലക്ഷ്യത്തോടെയാണ് തിരുബാലസഖ്യം പ്രവർത്തിക്കുക.

ഓരോ കുഞ്ഞും ദൈവത്തിന്റെ ദാനമാണ്. വളർന്നുവരുന്ന മക്കളെക്കുറിച്ചുള്ള ആകുലത മാതാപിതാക്കളുടെ കണ്ണുകളിൽ കാണാൻ കഴിയും. നമ്മുടെ കുഞ്ഞുങ്ങൾ ഇന്ന് എവിടെയാണ് എന്ന് ചിന്തിക്കേണ്ട ഒരു അവസരം കൂടിയാണിത്. വളരെ ചെറുപ്പത്തിൽ തന്നെ കുഞ്ഞുങ്ങൾ കൈമോശം വന്നു പോകുന്നുണ്ട്. ഒരു കൊച്ചുകുട്ടി ചിന്തിക്കുന്നതിനേക്കാൾ അപ്പുറം അവൻ ഇന്ന് ചിന്തിക്കുന്നുണ്ട്. മുതിർന്നവർ അറിയുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ചിലപ്പോഴെങ്കിലും അവർ അറിയുന്നുമുണ്ട്. അതുകൊണ്ടുതന്നെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ ബാല്യകാലത്തിൽ കുട്ടികൾ നിരവധി സമ്മർദ്ദങ്ങൾക്ക് ഇരയാകുന്നു. മാത്സര്യങ്ങൾ നിറഞ്ഞ സാമൂഹ്യജീവിതവും മാധ്യമങ്ങളുടെ അതിപ്രസരവും സ്മാർട്ട് ഫോൺ. ഇന്റർനെറ്റ് മുതലായവയുടെ അമിത ഉപയോഗവും അനവധി പ്രശ്നങ്ങളിലേക്ക് കുട്ടികളെ നയിക്കുന്നു. ഒരുപരിധിവരെ നൂതന സാങ്കേതിക വിദ്യകൾ കുട്ടികളെ സഹായിക്കുമെങ്കിലും അമിത ഉപയോഗം അവരുടെ മാനസിക, ശാരീരിക, ആത്മീയ വളർച്ചയെ മുരടിപ്പിക്കും. മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. ദൈവം മാതാപിതാക്കളെ ഏൽപ്പിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ വിശുദ്ധിയിൽ വളർത്തുക എന്നത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്.

ഒരു മനുഷ്യശിശു വളർന്ന് വരേണ്ടത് വീട്ടിലാണ്. മാതാപിതാക്കളുടെ കൂടെയാണ്. അവിടെ നിന്നാണ് കുട്ടികൾ വിട്ടുവീഴ്ച്ച ചെയ്യാനും ക്ഷമിക്കാനും സ്നേഹിക്കാനും ആദരിക്കാനും ഒക്കെ പഠിക്കുക. ബന്ധങ്ങളിലെ മൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കുഞ്ഞുങ്ങളെ വിട്ട് വിദേശത്തും സ്വദേശത്തുമൊക്കെയായി തിരക്കിട്ട ജീവിതം നയിക്കുമ്പോൾ കുഞ്ഞുങ്ങൾക്ക് നഷ്ടമാകുന്നത് മാതാപിതാക്കളുടെ സ്നേഹം ആവോളം അനുഭവിക്കേണ്ട അവരുടെ കുട്ടിക്കാലമാണ്. വീടിന്റെ ഐശ്വര്യവും സമ്പത്തും മക്കളാണ് എന്ന് മാതാപിതാക്കൾ തിരിച്ചറിയണം. കുട്ടികളെ സംബന്ധിച്ചിടത്തോളം സ്നേഹം എന്നു പറയുന്നത് സമയം തന്നെയാണ്. മാതാപിതാക്കൾക്ക് മക്കളോടൊപ്പം സമയം ചിലവഴിക്കാൻ സാധിക്കണം. തിരക്ക് ഒരു ഫാഷനായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് മക്കളെ കേൾക്കാനും കൂടെ ചിരിക്കാനും സമയം കണ്ടെത്താതെ പോയാൽ അവർ നിങ്ങൾക്ക് നഷ്ടപ്പെടും. കുഞ്ഞുങ്ങളുടെ മുൻപിൽ ആത്മീയതയുടെയും ധാർമ്മികതയുടെയുമൊക്കെ മാതൃകകളായി മാറാൻ മാതാപിതാക്കൾക്ക് കഴിയണം. കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി പരമോന്നത ദൈവത്തിന്റെ ഉപരിമഹത്വത്തിനായി വളർത്തി വലുതാക്കുക എന്നതാണ് മാതാപിതാക്കളുടേയും മുതിർന്നവരുടേയും ധർമ്മം.

പരസ്പര സ്നേഹവും കരുതലും എല്ലാം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ ആധുനികയുഗത്തിൽ മിക്ക കുട്ടികൾക്കും മറ്റുള്ളവരുമായി പൊരുത്തപ്പെട്ട് പോകുന്നതിനോ അവരെ പരിഗണിക്കുന്നതിനോ സ്നേഹിക്കുന്നതിനോ ഒന്നും കഴിയുന്നില്ല. കുട്ടിക്കാലത്ത് തന്റെ മാതാപിതാക്കളോടും ബന്ധുക്കളോടും അയൽക്കാരോടും എല്ലാം എത്ര ഹൃദ്യമായ ബന്ധം പുലർത്തിയാണ് ഈശോ ജീവിച്ചതെന്ന് കുട്ടികൾ അറിയണം. അനുസരണം, അല്ലെങ്കിൽ വിധേയത്വം ഒരിക്കലും അടിമത്വമല്ല ദൈവിക സംവിധാനത്തിന്റെ ഭാഗമാണ്. ഉണ്ണിയേശുവിന്റെ മാതാപിതാക്കൾ എങ്ങനെയാണ് അവിടുത്തെ വളർത്തിയതെന്ന് ഇന്നത്തെ മാതാപിതാക്കൾ അറിയണം. കുഞ്ഞിനെ അവൻ ദൈവമായിരുന്നിട്ടും ദൈവാലയത്തിൽ കൊണ്ടുപോകേണ്ട സമയത്ത് ദൈവാലയത്തിൽ കൊണ്ടുപോയി സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്താൻ അവർ പഠിപ്പിച്ചു. നമ്മുടെ കുഞ്ഞുങ്ങൾ ഇന്ന് വളരുന്നത് അങ്ങനെയാണോ? ദൈവത്തിലേക്ക് കണ്ണുകൾ ഉയർത്തുന്നതിന് പകരം അവരുടെ കണ്ണുകൾ നീളുന്നത് തങ്ങളുടെ ജീവിതത്തെ തന്നെ നശിപ്പിക്കുവാൻ കഴിയുന്ന മറ്റ് പലതിലേയ്ക്കുമാണ്. അതിന് കാരണം പലപ്പോഴും മാതാപിതാക്കളും മുതിർന്നവരും തന്നെയാണ്. ഇന്നത്തെ കുട്ടികളുടെ ഹീറോയായി മാറുന്നതു കായികതാരങ്ങൾ, സിനിമാതാരങ്ങൾ എന്നിവരൊക്കെയാണ്. വിശുദ്ധരുടെ പുണ്യജീവിത കഥകളും സന്മാർഗ്ഗകഥകളും മുത്തശിക്കഥകളുമൊക്കെ അന്യാധീനമായി പോയിരിക്കുന്നു. വിശുദ്ധ കുർബാനയിൽ കുട്ടികളെ കാത്തിരിക്കുന്ന ഈശോയെ തങ്ങളുടെ ഹീറോയായി കുട്ടികൾ സ്വീകരിക്കുന്നു എങ്കിൽ

വിശുദ്ധിയിൽ വളർന്നുവരുവാൻ അവർക്ക് സാധിക്കും. ബന്ധങ്ങളിൽ നമ്മെ വളർത്തുന്ന വേദിയാണ് വിശുദ്ധ കുർബാന. ഈശോയോടുള്ള കൂട്ടിന് ഒന്നാം സ്ഥാനം കൊടുത്താൻ മറ്റ് എല്ലാ ബന്ധങ്ങളും നേരെയായിക്കൊള്ളും.

കുഞ്ഞുങ്ങളേ നിങ്ങൾ ചിന്തിക്കുക. ഭക്ഷണമേശയിൽ രുചികരമായ വിഭവങ്ങൾ നിങ്ങൾ ആസ്വദിച്ച് കഴിക്കുമ്പോൾ വഴിയരികിലും ചപ്പുകൂനകളുടെ ഇടയിലും ഒരുപിടി ചോറിനായി നിലവിളിക്കുന്ന കുഞ്ഞുങ്ങളുടെ രോദനം കേൾക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? ഏറ്റവും നല്ല വസ്ത്രങ്ങൾക്കായി നിങ്ങൾ വാശിപിടിക്കുമ്പോൾ ഒരു ജോഡി വസ്ത്രങ്ങൾ മാത്രമുള്ള നിങ്ങളുടെ കൂട്ടുകാരെക്കുറിച്ച് ചിന്തിക്കാറുണ്ടോ? നിങ്ങൾക്ക് എങ്ങനെ മറ്റുകുട്ടികളെ സഹായിക്കുവാൻ കഴിയും? സ്കൂളിൽ ആരോടും മിണ്ടാതെ ഒറ്റയ്ക്കിരിക്കുന്ന കുട്ടിയോട് പറയുക ഈശോ നിന്നെ സ്നേഹിക്കുന്നെന്ന്. ഉച്ചഭക്ഷണം ഇല്ലാതെ വരുന്ന കൂട്ടുകാരന് നിങ്ങളുടെ ഭക്ഷണത്തിന്റെ ഓരോഹരി നൽകുക. ഈശോയെ അറിയാത്ത കുട്ടികൾക്ക് ഈശോയെക്കുറിച്ച് പറഞ്ഞുകൊടുക്കുക. അനാഥരായ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക, അതോടൊപ്പം വിശുദ്ധരുടെ മാതൃകകൾ ഉൾകൊണ്ട് സ്വയം വിശുദ്ധിയിൽ വളരുവാനും മറ്റുള്ളവരെ വിശുദ്ധിയിലേക്ക് നയിക്കുവാനും പരിശ്രമിക്കുക. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ. അവരെ തടയേണ്ട (ലൂക്കാ 18:16) എന്നരുളിചെയ്ത ഈശോ നിങ്ങളെ ഇഷ്ടപ്പെട്ട് വിളിച്ചിരിക്കുകയാണ് അവിടുത്തെ കുഞ്ഞു മിഷനറിമാരായി.

സിനഡാത്മക സഭയിലാണ് നാമിന്ന്. ഒരുമിച്ച് സഞ്ചരിക്കുവാനുള്ള ക്ഷണമാണത്. മനസ് തുറന്ന് സംസാരിക്കാനും ശ്രവിക്കുവാനും നമുക്ക് കഴിയണം. ഇത് ആദ്യം നടക്കേണ്ടത് നമ്മുടെ കുടുംബങ്ങളിലാണ്. കുഞ്ഞുങ്ങളെ കേൾക്കുവാനും അവരുടെ അഭിപ്രായങ്ങൾ ചോദിക്കുവാനും മാതാപിതാക്കൾക്ക് കഴിയണം. ദൈവവിളികൾ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ദൈവവിശ്വാസത്തിലും പരസ്പരസ്നേഹത്തിലും ഐക്യത്തിലും കഴിയുന്ന നല്ല കുടുംബങ്ങളിൽ നിന്നേ നല്ല ദൈവവിളികൾ ഉണ്ടാകൂ. നല്ല കാര്യങ്ങൾ മക്കൾക്ക് പറഞ്ഞുകൊടുത്ത് ദൈവത്തെ ശ്രവിക്കുവാൻ മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ പ്രാപ്തരാക്കണം. സ്വാർത്ഥമായ നമ്മുടെ വരണ്ട കാലഘട്ടത്തിൽ കുഞ്ഞുങ്ങളുടെ പുഞ്ചിരിയുടെ പ്രകാശം നിറയട്ടെ. വാർദ്ധക്യത്തിന്റെ മ്ലാനതയിൽ കുഞ്ഞുങ്ങളുടെ സാന്നിദ്ധ്യം സാന്ത്വനമാകട്ടെ. വൃദ്ധജനങ്ങളിൽ നിന്ന് ആരും കുഞ്ഞുങ്ങളെ അകറ്റാതിരിക്കട്ടെ. സർവ്വോപരി അവർ ദൈവത്തിലേക്ക് കണ്ണുകൾ ഉയർത്തട്ടെ. എങ്കിൽ അവർ നഷ്ടപ്പെട്ടു പോകില്ല. ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായി അവർ വളർന്നു വരും. എല്ലാ കൊച്ചുകുട്ടുകാർക്കും തിരുബാലസഖ്യദിനത്തിന്റെ ആശംസകൾ. ഉണ്ണീശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

# അൾത്താരബാലസംഘം



വിജയപുരം രൂപതയിലെ അൾത്താര ബാലന്മാരെ നന്നായി രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് രൂപത ലിറ്റർജി കമ്മീഷന്റെയും അൾത്താര ബാലന്മാരുടെ സംഘത്തിന്റെയും നേതൃത്വത്തിൽ 'Seraph 2022' എന്ന പേരിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചത്. രൂപതയിലെ മൂന്നു മേഖലകളിലായിട്ട് ക്രമീകരിച്ച പരിപാടിക്കു രൂപതയിലെ മേജർ സെമിനാരി വൈദിക വിദ്യാർഥികളാണ് നേതൃത്വം നല്കിയത്.

**പീരുമേട് മേഖല:**

പീരുമേട് മേഖലയിലെ അൾത്താര ബാലൻമാരുടെ സംഗമം 2022 ഡിസംബർ 28ന് കുട്ടിക്കാനം വിമലഹൃദയ ദൈവാലയത്തിൽ വെച്ച് നടത്തപെട്ടു. രാവിലെ 9.30 നു ആരംഭിച്ച സംഗമത്തിൽ വിവിധ ഇടവകളിൽ നിന്നും 134 അൾത്താര ബാലന്മാർ പങ്കെടുത്തു. രൂപത മൈനർ സെമിനാരി റെക്ടർ റവ.ഫാ.ജോസഫ് മീനായ്ക്കോടത്ത് എല്ലാവരെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. പീരുമേട് ഫെറോനാ വികാരി വെരി. റവ.ഫാ. ജോസ് കുരുവിള കാടൻതുരുത്തേൽ സംഗമം ഉദ്ഘാടനം ചെയ്തു. രൂപത സി.എം.എൽ ഡയറക്ടർ റവ.ഫാ. മാത്യു ഒഴത്തിൽ ആശംസകൾ നേർന്നു.

ശ്രീ. റോബിൻ പാലാ ക്ലാസുകൾ നയിച്ചു. പ്രധാനമായും വ്യക്തിത്വ വികസനം, സ്മാർട്ട് പഠനം, പരീക്ഷ ഒരുക്കം എന്നീ വിഷയങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്തു. കുട്ടികളെ 10 ഗ്രൂപ്പുകളായി തിരിച്ചു വിവിധങ്ങളായ ഗെയിംസുകൾ നടത്തി. അൾത്താര ബാലസംഘം ഡയറക്ടർ റവ.ഫാ. ജിസ് സ്കറിയ ആനിക്കൽ, ദിവ്യബലിയിൽ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങൾ, തിരുപാത്രങ്ങൾ എന്നിവ പരിചയപ്പെടുത്തുകയും അൾത്താര ശുശ്രൂഷാ പരിശീലനം നല്കുകയും ചെയ്തു. വിവിധ തരത്തിൽ മികവു തെളിയിച്ച കുട്ടികൾക്കു സമ്മാനദാനം നടത്തി. മുണ്ടക്കയം മേഖല ഫെറോനാ വികാരി റവ.ഫാ.ടോം ജോസ് സമാപന പ്രാർഥനയ്ക്കു നേതൃത്വം നല്കി.

## കോട്ടയം മേഖല

കോട്ടയം മേഖലാ സംഗമം 29-12-2022 വ്യാഴാഴ്ച കോട്ടയം വിമല ഗിരി കത്തീഡ്രലിൽ വെച്ച് നടത്തപ്പെട്ടു. കോട്ടയത്തിനു പുറമെ മുണ്ട ക്കയം, തിരുവല്ല, പട്ടിത്താനം, മുവാറ്റുപുഴ മേഖലയിൽ നിന്നും ഉള്ള അൾ ത്താര ബാലൻമാരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. സാവിയോ മൈനർ സെമിനാരി റെക്ടർ റവ.ഫാ. ജോസഫ് പടികരമല എല്ലാവരെ യും സ്വാഗതം ചെയ്തു. തുടർന്ന് രൂപത വികാരി ജനറാൾ വെരി.റവ. മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ 'Seraph 2022' ഉദ്ഘാടനം ചെയ്യു കയും അൾത്താര ബാലന്മാരുടെ പ്രാധാന്യത്തെ പറ്റി ഉത്ബോധിപ്പിക്കു കയും ചെയ്തു. ശ്രീ. ആൻസൺ കുറുമ്പത്തുരുത്ത് ക്ലാസുകൾക്കു നേതൃത്വം നല്കി.

വിജയപുരം രൂപതാധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേ ച്ചേരിൽ അൾത്താര ബാലന്മാരെ സന്ദർശിക്കുകയും ബലിപീഠത്തിന്റെ വിശുദ്ധിയെ പറ്റിയും അൾത്താര ശുശ്രൂഷകന്മാരുടെ പ്രാധാന്യത്തെ പറ്റിയും സംസാരിക്കുകയും ഉത്തരങ്ങൾ പറഞ്ഞ കുട്ടികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

ഉച്ചക്കുശേഷം അൾത്താര ബാലന്മാർക്കുള്ള അൾത്താര ശുശ്രൂഷ പരിശീലനത്തിനു റവ.ഫാ. ജിസ് സ്കറിയ ആനിക്കൽ നേതൃത്വം നല്കി. മികച്ച പങ്കാളിത്തം കാഴ്ച വച്ച കുട്ടികൾക്കു റവ.ഫാ. ജോസഫ് പടി കരമല സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രാർഥനയോടെ യോഗം സമാ പിച്ചു.

## മൂന്നാർ മേഖല:

മൂന്നാർ മേഖല സംഗമം 30-12-2022 വെള്ളിയാഴ്ച മൂന്നാർ മൗണ്ട് കാർമൽ ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. റവ.ഫാ. ജോസഫ് പടി കരമല എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്ന് മൂന്നാർ ഫെറോനാ വികാരി റവ.ഫാ. മൈക്കിൾ വലയിഞ്ചിയിൽ 'Seraph 2022'-ന്റെ ഉദ്ഘാ ടനം നിർവഹിച്ചു. രൂപത മേജർ സെമിനാരി വൈദികാർഥികൾ കുട്ടിക ളോടു സംവദിക്കുകയും സ്വയം പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് വ്യക്തിത്വ വികസനം, പരീക്ഷ ഒരുക്കം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സിനു ശ്രീ. ജോസ് കൊനാട്ട് നേതൃത്വം നൽകി.

അൾത്താര ബാലന്മാർക്കുള്ള പ്രത്യേക പരിശീലനത്തിനു ഡീക്കൻ അനസ് കരോട്ടുനാലുന്നേൽ നേതൃത്വം നല്കി. മികച്ച പങ്കാളിത്തം കാഴ്ച വച്ച കുട്ടികൾക്കു മിസ്റ്റ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

# കെആർഎൽസിസി 40–ാമത് ജനറൽ അസംബ്ലി

## മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കും

**– ഫിഷറീസ് വകുപ്പുമന്ത്രി സജി ചെറിയാൻ**

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കേരള ലത്തീൻ കത്തോലിക്കാസഭയുടെ ഉന്നതനയരൂപീകരണ ഏകോപനസമിതിയായ കെആർഎൽസിസിയുടെ 40-ാമത് ജനറൽ അസംബ്ലി വിജയപുരം രൂപതയുടെ ആതിഥേയത്വത്തിൽ കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഈ സർക്കാരിന്റെ കാലത്ത് ഭവനങ്ങൾ നൽകും. തിരുവനന്തപുരം മുട്ടത്തറയിൽ എട്ടേക്കറിൽ മത്സ്യത്തൊഴിലാളികൾക്കായി പണിയുന്ന ഫ്ളാറ്റ് സമുച്ചയത്തിന്റെ തറക്കല്ലിടൽ അടുത്ത മാസം പത്തിന് മുഖ്യമന്ത്രി നിർവഹിക്കും. തിരുവനന്തപുരം അതിരൂപത നൽകിയ ഭൂമിയിലും ഭവനങ്ങൾ പണിയും. മത്സ്യബന്ധനയാനങ്ങൾക്ക് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ വില ഉയർന്നതിനാൽ എൽപിജി ഉപയോഗിച്ചുള്ള ബോട്ടുകൾ പ്രോത്സാഹിപ്പിക്കും. ഇതിന്റെ ഭാഗമായി എൽപിജി കിറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യും. വിഴിഞ്ഞം പ്രശ്നം സമയബന്ധിതമായി പരിഹരിക്കുമെന്നും ലത്തീൻ കത്തോലിക്കരുമായി സർക്കാരിനുണ്ടായിരുന്ന ഊഷ്മളബന്ധം തുടർന്നും നിലനിർത്തുമെന്നും മന്ത്രി വ്യക്തമാക്കി.

കെആർഎൽസിസി പ്രസിഡന്റും കൊച്ചി രൂപതാധ്യക്ഷനുമായ ബിഷപ് ഡോ. ജോസഫ് കരിയിൽ അധ്യക്ഷത വഹിച്ചു. സെലക്ടീവായ ഇൻക്ലൂഷനും ആലോചിച്ചുറപ്പിച്ചിട്ടുള്ള എക്സ്ക്ലൂഷനുമാണ് ഇപ്പോൾ ലത്തീൻ സമൂഹം അനുഭവിച്ചുവരുന്നതെന്ന് അദ്ദേഹം പറഞ്ഞു. ലത്തീൻ കത്തോലിക്കരെ ഇനിയും പറഞ്ഞുപറ്റിക്കാമെന്നും വിഭജിച്ച് കാര്യം കാണാമെന്നും ആരും കരുതേണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ ടി.കെ. ജോസ് മുഖ്യപ്രഭാഷണം നടത്തി. വിജയപുരം ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ, ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, ബിഷപ് ഡോ. വിൻസെന്റ് സാമുവൽ, ജോബ് മൈക്കിൾ എംഎൽഎ എന്നിവർ ആശംസകളർപ്പിച്ചു. കെആർഎൽസിസി ജനറൽ സെക്രട്ടറി റവ. ഫാ. തോമസ് തറയിൽ, വൈസ് പ്രസിഡന്റ് ഫാ. പ്രസാദ് സിപ്രിയാൻ, സെക്രട്ടറിമാരായ പി.ജെ തോമസ്, ഷിബു ജോസഫ്, ട്രഷറർ എബി കുന്നേ

പ്പറമ്പിൽ, വിജയപുരം രൂപതാ വികാരി ജനറൽ മോൺ. ജസ്റ്റിൻ മഠത്തിൽ പ്പറമ്പിൽ, യുവജനകമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. ക്രിസ്തുദാസ് ആർ, അസോസിയേറ്റ് ജനറൽ സെക്രട്ടറി റവ. ഡോ. ജിജു ജോർജ് അറക്കത്തറ, കെസിവൈഎം ലാറ്റിൻ സംസ്ഥാന പ്രസിഡന്റ് ഷൈജു റോബിൻ, കെസിവൈഎം സംസ്ഥാന വൈസ്പ്രസിഡന്റ് ഡെലിൻ ഡേവിഡ് എന്നിവർ സംസാരിച്ചു. വൈസ് പ്രസിഡന്റും സമുദായ വക്താവുമായ ജോസഫ് ജൂഡ് സ്വാഗതവും സെക്രട്ടറി പുഷ്പ ക്രിസ്റ്റി നന്ദിയും പറഞ്ഞു.

'നവലോക യുവജനശുശ്രൂഷ; നയങ്ങളും ആഭിമുഖ്യങ്ങളും' എന്നതായിരുന്നു അസംബ്ലിയുടെ മുഖ്യചർച്ചാവിഷയം. ഇതോടൊപ്പം ആനുകാലിക വിഷയങ്ങളും സമകാലിക സാമൂഹിക രാഷ്ട്രീയസാഹചര്യങ്ങളും അസംബ്ലിയിൽ ചർച്ച ചെയ്തു. വിവിധ സെഷനുകൾക്കും പാനൽ ചർച്ചകൾക്കും കാലടി സർവകലാശാല അസി. പ്രൊഫസർ ഡോ. ബിജു വിൻസെന്റ്, കോഴിക്കോട് രൂപതാ വികാരി ജനറൽ മോൺ. ജെൻസൻ പുത്തൻവീട്ടിൽ, കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര, കെസിവൈഎം ലാറ്റിൻ ജനറൽ സെക്രട്ടറി ജിജോ ജോൺ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ഫെബിന അലക്സ്, ജീസസ് യൂത്ത് കേരള ഫോർമേഷൻ ടീം അംഗം ഗോഡ്വിൻ ഇഗ്നേഷ്യസ് തുടങ്ങിയവർ നേതൃത്വം നല്കി. ഫ്രാൻസിസ് പാപ്പയുടെ ബഹ്റിൻ സന്ദർശനത്തിന്റെ ലോഗോ രൂപപ്പെടുത്തിയ നമ്മുടെ രൂപതാംഗം പ്രവീൺകുമാറിനെ ആദരിച്ചു.

ജനുവരി 15ന് രാവിലെ 7.30ന് വിമലഗിരി കത്തീഡ്രലിൽ മെത്രാന്മാരുടെ കാർമികത്വത്തിൽ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് അസംബ്ലിയുടെ രണ്ടാംദിന പരിപാടികൾ ആരംഭിച്ചു.


## കെ.ആർ.എൽ.സി.സി. അവാർഡുകൾ സമ്മാനിച്ചു

കെ.ആർ.എൽ.സി.സി. അവാർഡുകൾ സമ്മാനിച്ചു. ഡോ. ബെന്നറ്റ് സൈലം (വിദ്യാഭ്യാസം ശാസ്ത്രം), ഷെൽട്ടൻ പിൻഹീറോ (മാധ്യമം), കുരുവിള ജോസഫ്(സംരംഭകൻ), ബെന്റ്ല ഡിക്കോത്ത (കായികം), ജോസഫ് പനയ്ക്കൽ (സാഹിത്യം), കെസ്റ്റർ ആന്റണി (കലാപ്രതിഭ), ലൈലാമ്മ ജോൺ (സമൂഹനിർമിതി), ഷൈൻ ആന്റണി (യുവത), ഫാ. ജോർജ് അറയ്ക്കൽ (വൈജ്ഞാനികസാഹിത്യം), ജെയിൻ ആൻസിൽ ഫ്രാൻസിസ് (വനിതാ ശക്തിമത്കരണം) എന്നിവരാണ് ഈ വർഷത്തെ അവാർഡു ജേതാക്കൾ. കെ.ആർ.എൽ.സി.സി. പ്രസിഡന്റ് അഭിവന്ദ്യ വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവ് അവാർഡുകൾ സമ്മാനിച്ചു.

## തറക്കല്ലിടലിന് കയ്യടിയില്ല; ഉദ്ഘാടനത്തിന് എത്താം
### -ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ

മത്സ്യത്തൊഴിലാളികളുടെ ഫ്ളാറ്റ് സമുച്ചയത്തിന് കല്ലിടുന്ന കാര്യം മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചപ്പോൾ സദസിലുണ്ടായിരുന്നവരാരും കയ്യടിക്കാതിരുന്നതിന്റെ കാരണം മന്ത്രിയോടു തന്നെ വിശദീകരിച്ച് ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ. കെആർഎൽസിസി ജനറൽ അസംബ്ലിയിൽ ഉദ്ഘാടനപ്രസംഗം കഴിഞ്ഞ് പോകാനൊരുങ്ങുകയായിരുന്ന മന്ത്രിയെ തടഞ്ഞുനിർത്തി ആശംസാപ്രസംഗം നടത്തുകയായിരുന്ന പിതാവ് കത്തോലിക്കരുടെ പരിഭവം ചെറിയ വാക്കുകളിൽ പങ്കുവക്കുകയായിരുന്നു.

“ലത്തീൻ കത്തോലിക്കർ കേരളത്തിലെ വിവിധ ജില്ലകളിലുള്ള കാര്യം കേരളത്തിലെ തഹസിൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും ഒരു ക്ലാസ് എടുക്കണം. സാറീ കല്ലിടുന്ന കാര്യം പറഞ്ഞപ്പോൾ ഞങ്ങൾ കയ്യടിച്ചില്ല. കാരണം, കേരളത്തിൽ ധാരാളം കല്ലുകൾ ഇങ്ങനെ കിടപ്പുണ്ട്. മൂലമ്പിള്ളിയിൽ നിന്ന് ഇറക്കിവിട്ടപ്പോൾ കല്ലുകളവിടെയുണ്ട്. ഞങ്ങൾ അതിന്റെ ഉദ്ഘാടനത്തിന്, കേരളത്തിലെ ലത്തീൻ ജനത മുഴുവൻ അവിടെയുണ്ടായിരിക്കും. അത് എപ്പോൾ സംഭവിക്കുമെന്ന് അറിയില്ല. ഇതാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്.” എന്നായിരുന്നു ബിഷപ്പ് പറഞ്ഞത്.





കോട്ടയം: കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി (കെആർഎൽസിബിസി)യുടേയും കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റേയും (കെആർഎൽസിസി) പ്രസിഡന്റായി കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കലിനെ തെരഞ്ഞെടുത്തു. കോട്ടയത്ത് ചേർന്ന കെആർഎൽസിബിസി യോഗത്തിലായിരുന്നു തീരുമാനം. വൈസ്പ്രസിഡന്റായി വിജയപുരം ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിലിനേയും കെആർഎൽസിബിസി സെക്രട്ടറി ജനറലായി തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് രാജപ്പനേയും തെരഞ്ഞെടുത്തു.

# കെആർഎൽസിസി സമാപനസമ്മേളനം

അസംബ്ലിയിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച യുവജന നയരേഖയും സാമൂഹിക രാഷ്ട്രീയ പ്രമേയവും സമ്മേളനം അംഗീകരിച്ചു. സമാപന സമ്മേളനത്തിൽ കെ.ആർ.എൽ.സി.സി പ്രസിഡന്റ് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷൻ ആയി രുന്നു. വൈസ് പ്രസിഡന്റുമാരായ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ, ജോസഫ് ജൂഡ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ.എ. ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ തുടങ്ങിയവർ പ്രസംഗിച്ചു. കോഴിക്കോട് രൂപത വികാരി ജനറാൾ മോൺ. ജെൻസൺ പുത്തൻവീട്ടിൽ, കെസിവൈഎം ലാറ്റിൻ സംസ്ഥാന ജനറൽ സെക്രട്ടറി ജിജോ ജോൺ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. കെ.ആർ.എൽ. സി. അവാർഡുകൾ സമ്മേളനത്തിൽ വച്ച് സമ്മാനിച്ചു.

മുന്നാക്ക വിഭാഗങ്ങൾക്ക് ഇപ്പോൾ കേരളത്തിൽ ഏർപ്പെടുത്തിയിട്ടുള്ള അധിക സംവരണവിഹിതം (പത്തുശതമാനം) ശാസ്ത്രീയപഠനം നടത്തി യുക്തിസഹമായി പുനർനിർണ്ണയിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഭരണഘടനാപരമായി പിന്നാക്ക വിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ള സംവരണാ വകാശം, മുന്നാക്ക സംവരണ ഭേദഗതിയിലൂടെ സംവരണം എന്ന ഭാവാ ത്മക നടപടിയുടെ മൂല്യവും അന്തസത്തയും നഷ്ടമാക്കിയിരിക്കുന്നു എന്ന് സമ്മേളനം വിലയിരുത്തി. ഓരോ സംസ്ഥാനത്തെയും സാമുദായിക സാമൂഹിക ഘടനയുടെയും അവരുടെ സാമൂഹിക സാമ്പത്തിക നിജ സ്ഥിതിയുടെയും അടിസ്ഥാനത്തിലാണ് സംവരണതോത് നിശ്ചയി ക്കപ്പെടേണ്ടത്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ സാമൂ ഹിക സാഹചര്യങ്ങളെയും സംവരണ ചട്ടക്കൂടുകളെയും തകിടം മറിക്കുകയാണ് ഏകപക്ഷീയമായും യാതൊരുവിധ തയ്യാറെടുപ്പും വേണ്ടത്ര പഠനവും ഇല്ലാതെ വളരെ തിടുക്കത്തിൽ നടപ്പിലാക്കിയ മുന്നാക്ക വിഭാഗങ്ങൾക്കുള്ള പത്തു ശതമാനം സംവരണം. മുന്നാക്ക ജനവിഭാഗങ്ങളിലെ ദരിദ്രരെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങളിലെ അപാ കത പരിഹരിക്കണം. സംസ്ഥാന സർക്കാർ സർവ്വീസിലെ ഉദ്യോഗ സ്ഥരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

ദലിത് ക്രൈസ്തവരുമായി ബന്ധപ്പെട്ടു സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ തീരുമാനം മാറ്റി വയ്ക്കാനുള്ള തന്ത്രങ്ങളാണോ കേന്ദ്രസർക്കാർ തുടരുന്നതെന്ന സംശയം ബലപ്പെടുത്തുന്നതാണ് ജസ്റ്റീസ് രംഗനാഥ കമ്മീഷൻ റിപ്പോട്ടിലെ ശുപാർശകൾ തള്ളിക്കളഞ്ഞു കൊണ്ട് പുതിയ കമ്മീഷനെ നിയമിച്ചിട്ടുള്ളത്. ദലിത് ക്രൈസ്തവരെ എത്രയും വേഗം പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനായി അനുഭാവ പൂർണ്ണമായ നടപടികൾ സ്വീകരിക്കണമെന്നും അവരുടെ ക്ഷേമത്തിനും വികസനത്തിനുമായി പ്രത്യേക വിഹിതം മാറ്റിവയ്ക്കണമെന്നും ആവശ്യപ്പെടുന്നു.

ഒരു പുരുഷായുസ് മുഴുവൻ ആദിവാസികൾക്കായി ജീവിതം സമർപ്പിച്ച യശഃശരീരനായ ഫാ. സ്റ്റാൻസ്വാമി വ്യാജാരോപണങ്ങളിലാണ് തടവിലാക്കപ്പെട്ടതെന്ന് അദ്ദേഹത്തിന്റെ കമ്പ്യൂട്ടർ പരിശോധനയിൽ സംശയരഹിതമായി തെളിഞ്ഞിരിക്കുകയാണ്. ഫാ. സ്റ്റാൻ സ്വാമിക്കെതിരെ ചുമത്തിയിരിക്കുന്ന കുറ്റപത്രം പിൻവലിച്ച് അദ്ദേഹത്തെ കുറ്റവിമുക്തനാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്നു.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നത് ദു:ഖകരമായ സംഗതിയാണ്. ദേശീയ അന്തർദേശീയ പത്രമാധ്യമങ്ങൾ ഇക്കാര്യം വിശദീകരിച്ചിട്ടുള്ളതാണ്. ഇത്തരം സംഭവങ്ങളെ ഒറ്റപ്പെട്ടവയെന്ന് മുദ്രകുത്തി നിസ്സാരവത്ക്കരിക്കുന്ന പ്രവണത അവസാനിപ്പിക്കണം. ഈ സംഭവങ്ങളിൽ പല സംസ്ഥാന സർക്കാരുകളുടെയും നിസംഗത മൗനാനുവാദമായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ആദിവാസി മേഖലയിലെ ക്രൈസ്തവരുടെ ജീവനും സ്വത്തും വിശ്വാസവും സംരക്ഷിക്കുന്ന നടപടി സ്വീകരിക്കണം.

തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളി സമരം ഒത്തു തീർപ്പാക്കുന്നതിൽ സർക്കാരിന്റെ സമീപനവും നിലപാടുകളും നീതിപൂർവകമായിരുന്നില്ലെന്ന് ജനറൽ കൗൺസിൽ വിലയിരുത്തി. തീരപരിപാലനത്തിനായുള്ള സർക്കാരിന്റെ ദീർഘകാല പദ്ധതി എന്താണ് എന്ന് വ്യക്തമാക്കണം. അദാനി തുറമുഖത്തിന്റെ പ്രത്യാഘാതങ്ങൾ പഠിക്കാനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ പരിഗണനാവിഷയങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് സർക്കാർ നിശ്ചയിച്ചു നല്കിയിരിക്കുകയാണ് (GO (Rt) No. 29/2023/F7PD, 07/01/2023). മത്സ്യത്തൊഴിലാളികളുടെ ജീവനും, നിലനില്പിനും, തൊഴിലിനും, കിടപ്പാടങ്ങൾക്കും, ഭീഷണിയായിക്കൊണ്ടിരിക്കുന്ന വാണിജ്യ തുറമുഖ നിർമ്മാണം സൃഷ്ടിക്കാവുന്ന ആഘാതങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച പഠനം സത്യസന്ധമായും സമയബന്ധിതമായും പൂർത്തിയാക്കുക.

തൊഴിലും വീടും സ്വന്തമായ സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, തീരശോഷണം, മത്സ്യബന്ധന യാനങ്ങളുടെ നവീകരണം, മുതലപ്പൊഴിയുടെ നവീകരണം തുടങ്ങിയവ സമയബന്ധിതമായി പൂർത്തിയാക്കുക. തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോയുടെ പേരിലും സഹായമെത്രാൻ ബിഷപ്പ് ഡോ. ക്രിസ്തുദാസിന്റെ പേരിലും നീതീകരിക്കാനാവാത്തവിധം നിരവധി കേസുകളാണ് പൊലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മെത്രാന്മാരുടെയും വൈദികരുടെയും മത്സ്യത്തൊഴിലാളികളുടെയും പേരിൽ ചുമത്തിയിട്ടുള്ള കേസുകൾ അടിയന്തിരമായി പിൻവലിക്കണം.

ബഫർസോണിലെ ജനവാസമേഖലെ സംബന്ധിച്ച് സർക്കാർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ ആശ്വാസകരമാണെങ്കിലും അവ

നടപ്പാക്കുന്നതിൽ പ്രായോഗികമായ തടസ്സങ്ങൾ ഉയർന്നുവരികയാണ്. ജനങ്ങളുടെ ആശങ്കകളും പരാതികളും പരിഹരിക്കാൻ അടിയന്തിരമായി പ്രായോഗിക നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

2019-ലെ തീരനിയന്ത്രണ വിജ്ഞാപനം സംബന്ധിച്ച തീരപരിപാലന പദ്ധതി അനന്തമായി നീണ്ടു പോകുന്നത് തീരവാസികളുടെ നിർമ്മാണ അവകാശങ്ങളെ പ്രതികൂലമായി ബാധിക്കുകയാണ്. സമയബന്ധിതമായി തീരവാസികളുടെ ഭവന നിർമ്മാണ പദ്ധതി തയ്യാറാക്കണം.

നീലസമ്പദ് വ്യവസ്ഥയുടെ ഭാഗമായുള്ള തീരദേശ ഖനനം, തീരദേശ വ്യവസായിക തുറമുഖ സംരംഭങ്ങളെ ബന്ധപ്പെടുത്തുന്ന തീരദേശ ഹൈവേ തുടങ്ങിയ വികസന സംരഭങ്ങൾ ഗുരുതരമായ പരിസ്ഥിതി സാമൂഹിക ആഘാതങ്ങൾ ഉളവാക്കുകയാണ്. ഈ വിഷയങ്ങളിൽ ഭരണപക്ഷ പ്രതിപക്ഷ മുന്നണികളുടെ നിലപാടുകളിലെ സത്യസന്ധതയില്ലായ്മയും പക്ഷപാതിത്വവും ഗൗരവമായിതന്നെ കേരളീയ സമൂഹം മനസിലാക്കുകയാണ്. മലയോര മേഖലയിലെ ജനങ്ങളുടെ പ്രശ്നത്തിൽ യോജിപ്പ് പ്രകടിപ്പിക്കുന്ന രാഷ്ട്രീയ കക്ഷികൾ തീരദേശജനതയുടെ വിഷയങ്ങളിൽ നിന്ന് ഒഴിഞ്ഞു നില്ക്കുന്നത് ആശങ്കയോടെയാണ് നോക്കി കാണുന്നത്. തീരദേശ ജനതയുടെ പ്രശ്നങ്ങളിൽ രാഷ്ട്രീയ കക്ഷികളും സാമൂഹിക സംഘടനകളും ആത്മാർഥമായി ഇടപെടണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

മതവിശ്വാസവും മതജീവിതവും കേരള. സംസ്കാരത്തിന്റെയും ഭാഗമാണ്. മതേതരത്വത്തിന്റെ പേരിൽ മതവിശ്വാസവും മതമൂല്യങ്ങളും നിരാകരിക്കുക എന്നതിലുപരി വിവിധ മതങ്ങളുടെ മൂല്യങ്ങളും സന്ദേശവും പാഠ്യപദ്ധതിയുടെ ഭാഗമാക്കി വ്യത്യസ്ത മതങ്ങളോടുള്ള ആദരവും സ്നേഹവും വിദ്യാർത്ഥികളിൽ വളർത്തുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം.

സർക്കാർ തീരദേശ ജനതയോട് നീതി കാട്ടുന്നില്ല എന്നതാണ് ലത്തീൻ കത്തോലിക്ക സഭയുടെ വിലയിരുത്തൽ. മത്സ്യത്തൊഴിലാളികളുടെ ജീവൽ പ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നോട്ടുവച്ച ആവശ്യങ്ങൾ സർക്കാർ അവഗണിക്കുകയും അനുഭാവപൂർവ്വം പരിഗണിക്കാത്തതുമായ സാഹചര്യത്തിൽ ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ രാഷ്ട്രീയ സമീപനം പുന: പരിശോധിക്കാൻ സമ്മേളനം തീരുമാനിച്ചു. സർക്കാരിന്റെ ഭരണസംവിധാനങ്ങളിലും പൊതുമേഖലാസ്ഥാപനങ്ങളുടെ നിർവ്വഹണ ചുമതലകളിലും സമുദായം അർഹമായവിധം പരിഗണിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് രാഷ്ട്രീയ സമീപനം പുന:പരിശോധിക്കാൻ നിർബന്ധിക്കപ്പെടുന്നത്. രാഷ്ട്രീയ സാഹചര്യങ്ങളെ വിലയിരുത്തി ഉചിതമായ തീരുമാനം യഥാസമയം ലത്തീൻ കത്തോലിക്കാ സമൂഹം കൈകൊള്ളുന്നതിനും സമ്മേളനം തീരുമാനിച്ചു. തുടർന്ന് പത്രസമ്മേളനത്തിൽ കെ.ആർ.എൽ.സി.സി. പ്രസിഡന്റ് അഭിവന്ദ്യ വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവ് അദ്ധ്യക്ഷത വഹിച്ചു.

# വിമലാംബികയുടെ തിരുമുറ്റത്ത് രണ്ടു ദിനങ്ങൾ

**ലിജോ പുതുച്ചിറ**



അക്ഷര നഗരിയായ കോട്ടയത്ത് ഗോത്തിക് ശില്പ ചാരുതയിൽ അഭിമാനമായി ഉയർന്നു നിൽക്കുന്ന വിമലഗിരി കത്തീഡ്രൽ ദൈവാലയം. ആ ദൈവാലയത്തിന്റെ ചാരത്തുകൂടി ശാന്തമായി ഒഴുകുന്ന മീനച്ചിലാർ. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ അംബ്രോസ് അബ്സോളോ പിതാവിലൂടെ ദൈവം നൽകി അനുഗ്രഹിച്ച വിമലാംബികയുടെ തിരുമുറ്റമാണ് ഇത്തവണ KRLCC യുടെ 40-ാ മത് ജനറൽ അസംബ്ലിക്ക് വേദിയായത്.

കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ ഉന്നത നയരൂപീകരണ സമിതിയാണ് KRLCC (KERALA REGIONAL LATIN CATHOLIC COUNCIL). 2002 ൽ സ്ഥാപിതമായ KRLCC യുടെ ജനറൽ അസംബ്ലിക്ക് ഇതിനുമുൻപ് 2007ലും 2013ലും വിജയപുരം രൂപത ആതിഥ്യമരുളിയിട്ടുണ്ട്. ഇത്തവണ 2023 ജനുവരി 14,15 തീയതികളിലായിരുന്നു ജനറൽ അസംബ്ലി നടത്തപ്പെട്ടത്.

വിമലഗിരി കുന്നിൽ നടന്ന ഈ ദ്വിദിന ജനറൽ അസംബ്ലിയുടെ മുഖ്യ പ്രമേയം 'നവലോക യുവജന ശുശ്രൂഷ: നയങ്ങളും ആഭിമുഖ്യങ്ങളും' എന്നുള്ളതായിരുന്നു.

കേരളത്തിലെ ലത്തീൻ സഭയിലെ 12 രൂപതകളിലെ എല്ലാ മെത്രാന്മാരും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും വിമലഗിരി മാതാവിന്റെ സന്നിധിയിൽ ഒരുമിച്ചുകൂടി ചർച്ചകൾ നടത്തി തീരുമാനങ്ങളെടുത്ത അനുഗ്രഹീത നിമിഷങ്ങളാണ് കഴിഞ്ഞുപോയത്. സാർവ്വത്രിക സഭയിൽ ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ച സിനഡാലിറ്റിയുടെ (2023—2025) പശ്ചാത്തലത്തിലാണ് ഇത്തവണ KRLCC ജനറൽ അസംബ്ലി കൂടിയതെന്ന പ്രത്യേകതയുമുണ്ട്.

11 തുരുത്തുകൾ പോലെ പരസ്പരം ബന്ധമില്ലാതെ ഒറ്റപ്പെട്ടു കിടന്നിരുന്ന 11 രൂപതകളിലെ (2013-ൽ സ്ഥാപിതമായ sulthanpet രൂപതയെ ഇവിടെ ഉൾപ്പെടുത്തുന്നില്ല) നേതൃത്വത്തെ ഒരുമിച്ചുകൂട്ടി 2002 മെയ് 24 ന് KRLCC ക്ക് രൂപം നൽകിയത് അന്നത്തെ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്ത ആയിരുന്ന ആർച്ച് ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് ആയിരുന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും സഹശുശ്രൂഷികളായ മെത്രാന്മാരുടെയും വൈദികരുടെയും ആത്മീയ നേതൃത്വത്തിന്റെയും തുറന്ന സമീപനവും എല്ലാ രൂപതകളിലും സമുദായ ശബ്ദം ഉയ

രേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടാൻ ഇടയാക്കി. 11 രൂപതകളിലായി ചിതറിക്കിടക്കുന്ന ലത്തീൻ കത്തോലിക്കർക്ക് തങ്ങൾ ഒന്നാണെന്നും ഒരുമിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത ഉടലെടുക്കുന്നതിനും പൊതുവായ നയങ്ങൾ രൂപീകരിക്കുന്നതിനും ഒരു സംവിധാനം അനിവാര്യമാണെന്ന തിരിച്ചറിവാണ് KRLCC യുടെ രൂപീകരണത്തിലേക്ക് നയിച്ചത്.

സഭയുടെയും സമൂഹത്തിന്റെയും സമുദായത്തിന്റെയും വളർച്ചയ്ക്കായി KRLCC ഇന്ന് ശക്തമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ നേർചിത്രങ്ങളിലൊന്നായിരുന്നുവല്ലോ വിഴിഞ്ഞത്തെ അതിജീവന സമരം.


എല്ലാ വർഷവും ഡിസംബർ 3 ന് വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് സമുദായ ദിനമായി ആചരിക്കുന്നത്. അന്നേ ദിനം എല്ലാ രൂപതകളിലും സംസ്ഥാന തലത്തിൽ ഏതെങ്കിലും ഒരു രൂപതയുടെ ആഭിമുഖ്യത്തിലും സമുദായ ദിനാചരണം നടത്തപ്പെടുന്നു. KRLCC യോടൊപ്പം KLCA, CSS എന്നിവയും സഭയുടെ മുഖപത്രമായ ജീവനാദവും സമുദായത്തിന്റെ ശബ്ദമാണ്.

ഡാനിയേൽ പിതാവിലൂടെ തിരികൊളുത്തപ്പെട്ട KRLCC സൂസപാക്യം പിതാവിലൂടെയും ജോസഫ് കരിയിൽ പിതാവിലൂടെയും ബാറ്റൺ കൈമാറി സമകാലിക ലോകത്തിൽ സഭയുടെ നയങ്ങൾ വ്യക്തമാക്കുവാൻ വർഗീസ് ചക്കാലയ്ക്കൽ പിതാവിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. KRLCC യുടെ മുന്നോട്ടുള്ള പ്രയാണത്തിന് സർവ്വവിധ മംഗളങ്ങളും ആശംസിക്കുന്നു.



ദിവംഗതനായ പരിശുദ്ധ പിതാവ് ബെനഡിക് 16-ാമൻ പാപ്പായുമൊത്ത്
അഭി.സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്

# ഇടവക വാർത്തകൾ



സ്ഥൈര്യലേപനകർമ്മം പാക്കിൽ സെന്റ് തെരേസാസ് ദൈവാലയം



കുട്ടിക്കാനം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ
റവ.ഫാ. ഫ്രാൻസീസ് നെടുംപറമ്പിലിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു.



SIP യുടെ 17-ാം ദേശീയ കോൺഗ്രസ് വിമലഗിരിയിൽ




കെ.ആർ.എൽ.സി.സി. അസംബ്ലിയുടെ സമാപനത്തിനുശേഷം നടന്ന പത്രസമ്മേളത്തിൽ നിന്ന്




അമയന്നൂർ ഇടവകാംഗം ശ്രീമതി ലൈലാമ്മ ജോൺ കെ.ആർ.എൽ.സി.സി. യുടെ സമൂഹനിർമ്മിത അവാർഡ് സ്വീകരിക്കുന്നു



ഫാ. ഷിന്റോ വെളീപ്പറമ്പിൽ കെ.ആർ.എൽ.സി.ബി.സി.യുടെ
പ്രൊ. പ്രൊഡക്ടീവ് റെക്ടർ ആയി ചാർജ് എടുക്കുന്നു.



വിജയപുരം കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയിൽ നിന്നും വിരമിക്കുന്ന അധ്യാപകർ അഭി. പിതാവിനോടും മാനേജരോടുമൊപ്പം

# വി.എസ്.എസ്.എസ്. വാർത്തകൾ

## വി.എസ്.എസ്.എസ്. നൈപുണ്യ വികസന പദ്ധതികൾക്ക് തുടക്കം




*നൈപുണ്യ വികസനപദ്ധതി ഉദ്ഘാടനം -തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.*

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സർക്കാർ, സർക്കാരേതര ഏജൻസികളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതിയായ 'സ്കിൽ അപ്' നാഗമ്പടം സെന്റ് ജോസഫ്സ് ഐ.ടി.ഐ. യിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കേന്ദ്ര സർക്കാർ പദ്ധതിയായ ജൻ ശിക്ഷൻ സംസ്ഥാൻ സഹകരണത്തോടെ ഇലക്ട്രിക്കൽ, പ്ലംബിങ്, ഫുഡ് പ്രോസസ്സിംഗ്, തയ്യൽ എംബ്രോയ്ഡറി എന്നീ കോഴ്സുകളാണ് യുവജനങ്ങൾക്കും, കുടുംബശ്രീ. സ്വാശ്രയ സംഘ അംഗങ്ങൾക്കും വേണ്ടി ആരംഭിക്കുക, വി.എസ്.എസ്.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര, സെന്റ് ജോസഫ്സ് കോളേജ് പ്രിൻസിപ്പൽ ബെന്നി ജോർജ് മുനിസിപ്പൽ കൗൺസിലർ മോളിക്കുട്ടി സെബാസ്റ്റ്യൻ, ജെ.എസ്.എസ്. പ്രോഗ്രാം അസി. ജയലളിത വി.എസ്.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ ടി.കെ. രാജു, ജിംഷ ബോബി എന്നിവർ സംസാരിച്ചു.

# അന്താരാഷ്ട്ര മൈഗ്രന്റ് ദിനാചരണവും ക്രിസ്തുമസ് ആഘോഷവും




അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ ദിനത്തോടനുബന്ധിച്ച് വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി ലഹരി വിരുദ്ധ ബോധവത്കരണവും ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചു. കാരിത്താസ് ഇന്ത്യ, കാരിത്താസ് ബെൽജിയം, പുതുപ്പള്ളി ഗ്രാമപ്പഞ്ചായത്ത്, കിസ്മത്ത് ഇന്ത്യ, ബെസ്റ്റ് ബേക്കേഴ്സ് എന്നിവയുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച പരിപാടി പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. ടോമിച്ചൻ ജോസഫ് ഉദ്ഘാടനം ചെയ്തു. പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പൊന്നമ്മ ചന്ദ്രൻ അധ്യക്ഷയായിരുന്നു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ക്രിസ്തുമസ് സന്ദേശം നൽകി. മതം, വർഗം, നിറം, ഭാഷ തുടങ്ങിയ ചിന്തകൾക്കപ്പുറം ഇവിടെ നമ്മെ ഒന്നിപ്പിക്കുന്നത് സ്നേഹവും ലാളിത്യവുമാണ് അതിന്റെ പ്രതീകമാണ് യേശുവിന്റെ ജനനമെന്നും അദ്ദേഹം പറഞ്ഞു. കേരള മൈഗ്രന്റ് സെക്യൂരിറ്റി പ്രോജക്ട് ജനറൽ മാനേജർ ബൈജു ജനാർദനൻ ക്ലാസ് നയിച്ചു. മയക്കുമരുന്ന് ഉപയോഗം മൂലമുണ്ടാകുന്ന സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ തകർച്ചയെക്കുറിച്ച് സംസാരിച്ചു. സ്വന്തം ശരീരത്തെ സ്നേഹിക്കുന്ന ആരും മയക്കുമരുന്ന് ഉപയോഗിച്ച് തന്റെ ശരീരത്തെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി നൽകുന്ന പഠനോപകരണ കിറ്റ് വിതരണം, സ്കോളർഷിപ്പ് വിതരണം, സ്വയം തൊഴിൽ പദ്ധതികൾ, പോസ്റ്റ് ഓഫീസ് അക്കൗണ്ട് തുറക്കൽ എന്നിവയെക്കുറിച്ച വിശദീകരിച്ച പ്രോഗ്രാം കോ- ഓർഡിനേറ്റർ ടി.കെ. രാജു പരിപാടികൾക്ക് നന്ദി പറഞ്ഞു. 92 അതിഥി തൊഴിലാളികൾ പങ്കെടുത്തു. ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി കേക്ക് വിതരണം, സ്നേഹവിരുന്ന് എന്നിവയും ഒരുക്കിയിരുന്നു.



ചൈൽഡ്‌ലൈൻ ഓപ്പൺ ഹൗസ്- പാല



ആശാകിരണം സന്നദ്ധപ്രവർത്തകയോഗം- തിരുവല്ല



ആശാകിരണം സന്നദ്ധപ്രവർത്തകയോഗം- കോട്ടയം



# അഭിവന്ദ്യ പിതാവിന്റെ
## ഫെബ്രുവരി മാസ പരിപാടികൾ

| | | |
|---|---|---|
| 03 വെള്ളി | : | PPD |
| 04 ശനി 6.30 am | : | ദിവ്യബലി,വിമലഗിരി കത്തീഡ്രൽ |
| 04 ശനി 10 am | : | വിജയപുരം രൂപത സന്യസ്ത സംഗമം,<br>വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം. |
| 05 ഞായർ 7.30 am | : | മൈനർ സെമിനാരി പേരന്റ്സ് ഡേ, വിമലഗിരി കത്തീഡ്രൽ |
| 06 മുതൽ 9 വരെ | : | 'വീ ഷെയർ' അംഗങ്ങളുടെ കൂട്ടായ്മകൾ<br>(മൂന്നാർ, കോട്ടയം, കുട്ടിക്കാനം) |
| 07 ചൊവ്വ 8.00 am | : | ദിവ്യബലി, സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രം,<br>കോട്ടയം. |
| 10 വെള്ളി | : | PPD |
| 11 ശനി 10.00 am | : | ഗവേണിംഗ് ബോഡി മീറ്റിംഗ്, മൂന്നാർ. |
| 12 ഞായർ 9.30 am | : | സ്ഥൈര്യലേപനവും ഇടയസന്ദർശനവും,<br>സെന്റ് ജോസഫ്സ് ദേവാലയം, ചെങ്ങളം. |
| 15-16 | : | Batch Gathering, വിമലഗിരി കത്തീഡ്രൽ. |
| 17 വെള്ളി | : | PPD |
| 18 ശനി 10.30 am | : | MSST സന്യാസ സഭയ്ക്കു പൊന്തിഫിക്കൽ പദവി<br>ലഭിച്ചതിന്റെ കൃതജ്ഞതാ ദിവ്യബലി, കൊല്ലം. |
| 19 ഞായർ 5.30 pm | : | പാരിഷ് ഹാൾ ആശിർവാദകർമ്മം.<br>സെന്റ് മേരിസ് ഇടവക, ഇലയ്ക്കാട്. |
| 19 ഞായർ 7.30 pm to<br>20 തിങ്കൾ 2.00 pm | : | വൈദിക ത്രൈമാസ സമ്മേളനം |
| 22 ബുധൻ 6.30 am | : | വിഭൂതി ബുധൻ, ദിവ്യബലി,വിമലഗിരി കത്തീഡ്രൽ |
| 24 വെള്ളി | : | PPD |



ഇൻസ്ബ്രൂക് ബിഷപ്പ് ഹെർമൻ ഗെറ്റ്ലറെ
അഭി.സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് സ്വീകരിക്കുന്നു



അഭിവന്ദ്യ അംബ്രോസ് അബസോള പിതാവിന്റെ
അനുസ്മരണശുശ്രൂഷ വിമലഗിരി കത്തീഡ്രലിൽ



ഡീക്കൻപട്ടം സ്വീകരിച്ച പോൾ കരോട്ടുനാലുന്നേൽ (തോപ്രാംകുടി), ഫെർണാണ്ടസ് കോട്ടമേട് (വണ്ടിപ്പെരിയാർ), ജോസഫ് നെല്ലിമല (പൊടിമറ്റം), ജോസഫ് തലക്കോട്ട്ചാലിൽ (അടിമാലി), വൈദികവസ്ത്രം സ്വീകരിച്ച സേവ്യർ നെല്ലിക്കുന്നേൽ (പൊതി) എന്നിവർ അഭി. പിതാവിനോടും വൈദികരോടുമൊപ്പം

## അനുമോദനങ്ങൾ



നവവൈദികൻ
**തോമസ് മാളിയേക്കൽ ഒ.കാം**
വണ്ടിപെരിയാർ ഇടവകാംഗം



വിമലഗിരിയിൽ നടന്ന
പരി. പിതാവ് ബെനഡിക്ട്
പതിനാറാമൻ പാപ്പായുടെ
അനുസ്മരണം

FEBRUARY 2023
Vol. 16 • Issue 2
Published on
1th February 2023

# vijayapuradhuthu

(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180